പതിമൂന്നാം കേരളനിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3833 26.06.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## വൈക്കം നിയോജകമണ്ഡലത്തിലെ കരിമണൽ ഖനനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈക്കം നിയോജക മണ്ഡലത്തിന് കീഴിലുള്ള പ്രദേശങ്ങളിൽ കരിമണൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ പഞ്ചായത്തിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ; | (എ) അനുമതി നൽകിയിട്ടുണ്ട്. വൈക്കം താലൂക്കിൽ 12 ക്വാറിയിംഗ് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. റവന്യൂ രേഖകൾ അടിസ്ഥാനമാക്കി ഖനനാനുമതി നൽകുന്നതിനാൽ അത് പ്രകാരമാണ് രേഖകൾ സൂക്ഷിക്കുന്നത്. പഞ്ചായത്തുകൾ തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കുന്നില്ല. |
| (ബി) ഇക്കാര്യത്തിൽ അനുമതി നൽകുമ്പോൾ പാരിസ്ഥിതിക ആഘാതം പരിഗണിക്കാറുണ്ടോ; | (ബി) പരിഗണിക്കാറുണ്ട് |
| (സി) പരിസ്ഥിതി സംബന്ധമായി മറ്റേതെങ്കിലും വകുപ്പുമായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കൂടിയാലോചിക്കാറുണ്ടോ; | (സി) ഉണ്ട്. |
| (ഡി)കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അനുമതി നൽകിയ പ്രദേശങ്ങളിൽ എവിടെയൊക്കെ ഇപ്പോഴും ഖനനം നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) നിലവിൽ ഖനനം നടക്കുന്നില്ല. |
| (ഇ)ഖനനത്തിന് അനുമതി നൽകുമ്പോൾ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; | (ഇ) പരിശോധന നടത്താറുണ്ട്. |
| (എഫ്)വൈക്കം നിയോജകമണ്ഡലത്തിൽ ഖനനം സംബന്ധിച്ച് നിബന്ധനകൾ പാലിക്കാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എഫ്) ഉണ്ട്. വ്യവസ്ഥകൾ ലംഘിച്ച് ഖനനം നടത്തിയവരിൽ നിന്ന് 2,51,600/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്. വ്യവസ്ഥകൾ ലംഘിച്ച് ഖനന ശേഷം കുഴി മൂടാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതും സ്വീകരിച്ചു വരുന്നതുമാണ്. |
| | |

| | |
|---|---|
| (ജി)ഖനനപ്രദേശങ്ങളിൽ പോലീസ്, റവന്യൂ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വൈക്കം മണ്ഡലത്തിലെ പ്രദേശങ്ങളിൽ നടത്തിയ പരിശോധനകളെ സംബന്ധിച്ച് വ്യക്തമാക്കുമോ? | (ജി) റവന്യൂ വിഭാഗവുമായി ചേർന്ന് ഒരു സംയുക്ത പരിശോധന നടത്തി Cr.48/12 ആയി കേസ് വൈക്കം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു. 2 പേരെ അറസ്റ്റ് ചെയ്തു. 2 മോട്ടോർ പമ്പ്, ഹോസ് എന്നിവ പിടിച്ചെടുക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ